**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല -വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്- വെളിനല്ലൂർ വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം യൂസേജ് ഓഫ് പ്ലോട്ട് ലേ- ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊല്ലം ജില്ലാടൗൺ പ്ലാനറുടെ 31/03/2021- ലെ TCPKLM/104/2021-C നമ്പർ കത്ത്.

2. വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/02/2021, 29/03/2021 തീയതികളിലെ എ 4/5950/19 നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/886/2021/C3 തീയതി:**02/08/2021**

---

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വെളിനല്ലൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 122/8, 9, 10, 11, 11-2 എന്നിവയിൽപ്പെട്ട 8.99 ആർ സ്ഥലത്ത് 246.42 ച.മീ (സെയിൽസ് ബിൽഡിംഗ് 34.98 ച.മീ canopy 211.44 ച.മീ) വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള യൂസേജ് ഓഫ് പ്ലോട്ട്/ലേ-ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജലാലുദ്ദീൻ, ജാസ്മി മൻസിൽ, വെളിനല്ലൂർ, കൊല്ലം-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 ലെ ചട്ടം 61-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.പി.ബി.ആർ 2011-ലെ ചട്ടം 11 (1) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ ,വിസ്തൃതി അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്നും നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചു കൊണ്ടാണ് നടത്തുന്നതെന്നും സെക്രട്ടറി ഉറപ്പാക്കണം.
2. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം.

46479

**GOVERNMENT OF KERALA**

3. കെ.പി.ബി.ആർ ലെ ചട്ടം 61(6) പ്രകാരം അഗ്നിശമന സേന ഡയറക്ടറുടെ എൻ.ഒ.സിയും 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.
4. ചട്ടം 61 (16) പ്രകാരം ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും, ചട്ടം 61 (17) പ്രകാരം പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
5. 61 (8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
6. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
7. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>ആംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 9/2021 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.08.0? ?:40:21 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. ജലാലുദ്ദീൻ, ജാസ്മി മൻസിൽ, വെളിനല്ലൂർ,കൊല്ലം
2. ടൗൺ പ്ലാനർ , കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 033 തിരുവനന്തപുരം

46484